# വിശ്വജ്യോതി എൻജിനീയറിംഗ് കോളജിൽ ഏകദിന രക്തദാന ക്യാമ്പ് നടത്തി

**വാഴക്കുളം:** വിശ്വജ്യോതി എൻജിനീയറിംഗ് കോളജിലെ എൻഎസ്എസ് യൂണിറ്റും തൊടുപുഴ ഐഎംഎയുടെയും ആഭിമുഖ്യത്തിൽ വാഴക്കുളം ലയൺസ് ക്ലബിന്റെ സഹകരണത്തോടെ ഏകദിന രക്തദാന ക്യാമ്പ് (റെഡ് വിംഗ്സ്) നടത്തി. പ്രിൻസിപ്പൽ ഡോ. കെ.കെ. രാജൻ ഉദ്ഘാടനം ചെയ്തു. കോളജ് ഡയറക്ടർ ഫാ. പോൾ നെടുമ്പുറത്ത്, ലയൺസ് ക്ലബ് പ്രസിഡന്റ് പ്രഫ. സി.ടി. ഫ്രാൻസിസ്, സെക്രട്ടറി സുനിൽ സെബാസ്റ്റ്യൻ, കോളജ് ട്രഷറർ ലൂക്കാച്ചൻ ഓലിക്കൽ എന്നിവർ പങ്കെടുത്തു. ക്യാമ്പിൽ 53 യൂണിറ്റ് രക്തം ശേഖരിച്ച് ഐഎംഎയ്ക്കു കൈമാറി.

# നഗരസഭ കൗൺസ
# മുഴുവൻ പ്രതികള

**കോതമംഗലം:** കോതമംഗലം നഗരസഭാംഗത്തെ കുത്തിപ്പരിക്കേൽപ്പിച്ച കേസിൽ മുഖ്യപ്രതിയടക്കം മൂന്നു പേർ കൂടി അറസ്റ്റിൽ. ഇതോടെ കേസിലെ മുഴുവൻ പ്രതികളും പോലീസ് പിടിയിലായി. മുഖ്യപ്രതി ഇടപ്പിള്ളി എളമക്കര കീർത്തി നഗറിൽ കൂടിയാറ്റ് ടിനോ ജോർജ് (34), ഇടപ്പിള്ളി എളമക്കര എട്ടുകാട്ട് അമ്പലത്തിന് സമീപം വള്ളോൻപറമ്പിൽ വർഗീസ് സ്റ്റിജോ (33), അങ്കമാലി നസ്രത്ത് നഗറിൽ കുഴിപ്പിള്ളി ജോമോൻ ജോയി (34) എന്നിവരെയാണ് കോതമംഗലം പോലീസ് ഇന്നലെ അറസ്റ്റ് ചെയ്തത്.

ഏലൂർ മഞ്ഞുമ്മൽ ടി.കെ റോഡിൽ മറ്റത്തിൽതറ ജെയിംസ് (ഡാനി -42) നെ കഴിഞ്ഞ ദിവസം അറസ്റ്റ് ചെയ്തിരുന്നു.

കഴിഞ്ഞ ബുധനാഴ്ച വൈകുന്നേരമാണ് കോതമംഗലം നഗരസഭാ സ്ഥിരംസമിതി അധ്യക്ഷൻ കൂടിയാറ്റ് കെ.വി. തോമസിന്റെ മലയൻകീഴിലുള്ള വസതിയിൽ സഹോദര പുത്രനായ ടിനോയും മറ്റൊരു പ്രതിയായ സ്റ്റിജോയും അതിക്രമിച്ച് കയറുകയും ടിനോ കത്തി ഉപയോഗിച്ച് തോമ




വാഴക്കുളം വിശ്വജ്യോതി എൻജിനീയറിംഗ് കോളജിൽ നടന്ന രക്തദാന ക്യാമ്പിൽ പങ്കെടുത്തവർ എൻഎസ്എസ്, ഐഎംഎ പ്രതിനിധികൾ, ലയൺസ് ക്ലബ് ഭാരവാഹികൾ പ്രിൻസിപ്പൽ ഡോ. കെ.കെ. രാജൻ, ട്രഷറർ ലൂക്കാച്ചൻ ഓലിക്കൽ എന്നിവരോടൊപ്പം.